D 11374 (Pages : 2) Name.................................

Reg. No..............................

## FIFTH SEMESTER B.A. DEGREE EXAMINATION, NOVEMBER 2016

(CUCBCSS–UG)

Malayalam

### MAL 5B 07—മലയാള വ്യാകരണം

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 പദരചനയ്ക്കുതകുന്ന ഏറ്റവും ചെറിയ ഭാഷാഘടകം ഏതാണ് ?

2 "അതിനെ സ്വരമായിട്ടേ
വകവയ്ക്കേണ്ട സന്ധിയിൽ"
—ഏതിനെ ?

3 ഗതി ചേർന്ന വിഭക്ത്യന്തപദത്തിനു പറയുന്ന പേരെന്ത് ?

4 പേരെച്ചത്തിൽ ലിംഗപ്രത്യയം ചേർത്താൽ കിട്ടുന്ന രൂപം ഏതാണ് ?

5 'കേരളപാണിനീയ ഭാഷ്യം' എന്ന ഗ്രന്ഥം രചിച്ചതാര് ?

6 ക്രിയാത്വം നഷ്ടപ്പെട്ട് നാമമായി മാറിയ ക്രിയയ്ക്കു പറയുന്ന പേരെന്ത് ?

7 കാലം, പ്രകാരം, പുരുഷൻ എന്നീ ഉപാധികളൊന്നുമില്ലാത്ത വിനയെച്ചം ഏത് ?

8 എല്ലാ കാലങ്ങളിലും പ്രകാരങ്ങളിലും പ്രയോഗമില്ലാത്ത രൂപവികല്പങ്ങളായ ധാതുക്കൾക്ക് പറയുന്ന പേരെന്ത് ?

9 'നാല്ക്കാലി' എന്നത് ഏത് തദ്ധിതത്തിന് ഉദാഹരണമാണ് ?

10 പൂർവപദത്തിലെ ലിംഗവചന വിഭക്തി പ്രത്യയങ്ങൾക്ക് ലോപമില്ലാത്ത സമാസത്തിന്റെ പേര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 'രാപകൽ' എന്നതിലെ 'പ്'കാരത്തിന് ദ്വിത്വം സംഭവിക്കാത്തതിന്റെ കാരണമെന്ത് ?

12 ഇടനില എന്നാൽ എന്ത് ?

13 തന്മാത്രാതദ്ധിതത്തിന്റെ പ്രത്യയങ്ങൾ ഏതെല്ലാമാണ് ?

Turn over

14 കൃതികൃത്തും കാരകകൃത്തും തമ്മിലുള്ള വ്യത്യാസമെന്ത് ?

15 നാമധാതു എന്നാൽ എന്ത് ?

(5 × 2 = 10 marks)

III. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക :

16 സംവൃതോകാരത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

17 വിനാമക്രിയ എന്നാൽ എന്ത് ?

18 "റുഢോർദ്വിത്വം ച്"—വ്യാഖ്യാനിക്കുക.

19 പ്രകൃതി, പദം ഇവ എന്തെന്ന് നിർവചിച്ച് വ്യത്യാസം വ്യക്തമാക്കുക.

20 മലയാളത്തിലെ ലിംഗപ്രത്യയങ്ങളെക്കുറിച്ച് വിവരിക്കുക.

21 "സംഖ്യാവിശേഷണം ചേർന്നാൽ
ക്ലീബേ വേണ്ട ബഹുക്കുറി"
—വിശദീകരിക്കുക.

22 നിഗീർണ്ണ കർത്തൃക ക്രിയ എന്നാൽ എന്ത് ?

(5 × 5 = 25 marks)

IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക :

23 കേരളപാണിനിയുടെ ശബ്ദവിഭജനം വിമർശനാത്മകമായി പരിശോധിക്കുക.

24 വിഭക്തിയും കാരകവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.

25 'അം' ലിംഗ പ്രത്യയമോ അംഗപ്രത്യയമോ ? കാൾഡ്വലിന്റെയും കേരളപാണിനിയുടെയും അഭിപ്രായങ്ങൾ ക്രോഡീകരിച്ച് സ്വമതം സ്ഥാപിക്കുക.

26 മലയാളത്തിലെ ചിഹ്നങ്ങളെ പരിചയപ്പെടുത്തി ലിഖിത ഭാഷയിൽ അവയ്ക്കുള്ള പ്രാധാന്യം വ്യക്തമാക്കുക.

27 അനുപ്രയോഗം എന്നാൽ എന്ത് ? എത്ര വിധം ? സോദാഹരണം വിശദമാക്കുക.

28 മലയാളത്തിലെ നിഷേധ നിർമ്മിതിയെക്കുറിച്ച് വിവരിക്കുക.

(4 × 10 = 40 marks)